# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെഎൻആർ/സി.12/1631/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/12/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെഎൻആർ/സി.12/1631/2024 തീയ്യതി: 06/12/2024

## കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-09-2023 മുതൽ 05-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജ്യോതിഷ് കുമാർ സി.വി. | ഡെപ്യൂട്ടി ഡയരക്ടർ | 07-10-2024 | 19-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-10-2024 | 19-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ വിനീത് കുമാർ കെ.പി., ഓഡിറ്റ് ഓഫീസർ
ശ്രീ ഷിജു എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീജ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീമതി പി. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ തോമസ് ടി.ഡി | സെക്രട്ടറി | 01-04-2023 | 10-07-2023 |
| ശ്രീ രാജേന്ദ്രൻ പിള്ള(അസി. സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2023 | 31-08-2023 |
| ശ്രീ രമേഷ് പി.കെ(അസി.സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-09-2023 | 10-09-2023 |
| ശ്രീ ദിനേശൻ പാറയിൽ | സെക്രട്ടറി | 11-09-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അക്ഷയ രാമകൃഷ്ണൻ | കൃഷിഓഫീസർ | 01-04-2023 | 12-06-2023 |
| ശ്രീമതി അഖില മെർവിൻ മാത്യു | കൃഷിഓഫീസർ | 13-06-2023 | 17-06-2023 |
| ശ്രീമതി രേഖ കെ.ജെ. | കൃഷിഓഫീസർ | 18-06-2023 | 11-12-2023 |
| ശ്രീമതി അപർണ്ണ എ. | കൃഷിഓഫീസർ | 12-12-2023 | 31-03-2024 |
| ഡോ.ചഷ്മ കെ. | മെഡിക്കൽ ഓഫീസർ(PHC) | 01-04-2023 | 05-07-2023 |
| ഡോ.ജെബിൻ അബ്രഹാം | മെഡിക്കൽ ഓഫീസർ(PHC) | 06-07-2023 | 31-03-2024 |
| ഡോ.വീണ.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 10-04-2023 |
| ഡോ.അനീഷ് കുമാർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 11-04-2023 | 12-04-2023 |
| ഡോ.വീണ.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 13-04-2023 | 01-05-2023 |
| ഡോ.അനീഷ് കുമാർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 02-05-2023 | 02-05-2023 |
| ഡോ.വീണ.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 03-05-2023 | 12-05-2023 |
| ഡോ.അനീഷ് കുമാർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 13-05-2023 | 12-08-2023 |
| ഡോ.വീണ.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 13-08-2023 | 15-11-2023 |
| ഡോ.അഖില | മെഡിക്കൽ | 16-11-2023 | 26-11-2023 |

| | | | |
|---|---|---|---|
| രത്തം.എം | ഓഫീസർ(ആയുർവേദം) | | |
| ഡോ.വീണ.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 27-11-2023 | 14-02-2024 |
| ഡോ.അമല ജെ.തെരേസ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 15-02-2024 | 31-03-2024 |
| ഡോ.നിമ്മി വിൽസൺ | വെറ്റിനറി സർജൻ | 01-04-2023 | 07-09-2023 |
| ഡോ.വിജിൻ | വെറ്റിനറി സർജൻ | 08-09-2023 | 31-03-2024 |
| ശ്രീമതി ഷബിന എ.കെ. | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2023 | 05-12-2023 |
| ശ്രീ സുജിൻ രാജ് വി. | ഡയറിഫാം ഇൻസ്ട്രക്ടർ | 06-12-2023 | 31-03-2024 |
| ശ്രീമതി മിനി സി.ജി | വി.ഇ.ഒ (തില്ലങ്കേരി) | 01-04-2023 | 22-07-2023 |
| ശ്രീമതി തസ്നീം ടി.പി | വി.ഇ.ഒ (തില്ലങ്കേരി) | 23-07-2023 | 31-03-2024 |
| ശ്രീമതി ഹെൻസ ലയോള | വി.ഇ.ഒ (പള്ള്യം) | 01-04-2023 | 16-09-2023 |
| ശ്രീമതി തസ്നീം ടി.പി. | വി.ഇ.ഒ (പള്ള്യം) | 17-09-2023 | 30-11-2023 |
| ശ്രീ പ്രജീഷ് കരോന്നൻ | വി.ഇ.ഒ (പള്ള്യം) | 01-12-2023 | 31-03-2024 |
| ശ്രീ ശ്രീകുമാർ പി. | ഹെഡ്മാസ്റ്റർ | 01-04-2023 | 02-06-2023 |
| ശ്രീമതി രജിഷ കെ.കെ. | അധ്യാപിക(ഹെഡ്മാസ്റ്റർ-ഇൻ-ചാർജ്ജ്) | 03-06-2023 | 02-07-2023 |
| ശ്രീ വിനോദ് കുമാർ പി. | ഹെഡ്മാസ്റ്റർ | 03-07-2023 | 31-03-2024 |
| ശ്രീമതി പ്രസന്ന കുമാരി | ICDS സൂപ്പർവൈസർ | 01-04-2023 | 13-08-2023 |
| ശ്രീമതി അരുൺ രേണുകാദേവി | ICDS സൂപ്പർവൈസർ | 14-08-2023 | 31-03-2024 |
| ശ്രീ രാജേന്ദ്രൻ പിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-08-2023 |
| ശ്രീ രമേഷ് പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-09-2023 | 31-03-2024 |
| ശ്രീമതി ജീജ പി.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 19-07-2023 |
| ശ്രീ ബെന്നി ജോസഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20-07-2023 | 19-09-2023 |
| ശ്രീ അഭിനാഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20-09-2023 | 19-03-2024 |
| ശ്രീ നിമിൽ ആർ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 20-03-2024 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ചെലവഴിച്ച തുക ബാധ്യതയായി അവശേഷിക്കുന്നു. | 1-1-1 |
| 3 | നിലവിലില്ലാത്ത അക്കൗണ്ടിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തി | 1-1-2 |
| 4 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തീകവിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | ഗ്രാമസഭ | 1-10 |
| 19 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം | 1-11 |
| 20 | കെട്ടിട വാടക സംബന്ധിച്ച അപാകങ്ങൾ | 1-12 |
| 21 | വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്. | 1-13 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-14 |
| 23 | എ ബി സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 24 | ഐ കെ എം ന് പ്രവർത്തന ഫണ്ട് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 25 | അസിസ്റ്റന്റ് എഞ്ചിനീയരുടെ ഓഫീസിലേക്ക് വാഹന സൗകര്യം- അപാകതകൾ-₹49950 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 26 | വയോജന വിശ്രമ കേന്ദ്രം നിർമ്മാണം - അപാകതകൾ | 1-18 |
| 27 | പൊതുമരാമത്തു പ്രവൃത്തി- പൊതു അപാകതകൾ | 1-19 |
| 28 | വനിതാ സംരംഭക കേന്ദ്രം നിർമ്മാണം -പ്രവൃത്തി പൂർത്തീകരണ കാലാവധിയിലെ അപാകങ്ങൾ | 1-20 |

| | | |
|---|---|---|
| 29 | വഞ്ചേരി കുളം നവീകരണം അപാകതകൾ | 1-21 |
| 30 | കേരളത്തിലെ മാലിന്യസംസ്ഖരണം ഹരിത കർമ്മസേനയിലൂടെ | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തില്ലങ്കേരി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 10.07.2024 തീയതിയിലെ 157/2024 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 10.07.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 31.03.2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
06-12-2024.

### 1-1-1 ചെലവഴിച്ച തുക ബാധ്യതയായി അവശേഷിക്കുന്നു.

ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ Other Grants Funds & Contribution For Specific Purpose- Capital എന്ന ശീർഷകത്തിൽ ₹1260000 ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ ₹1250000 ബഡ്സ് സ്കൂൾ കെട്ടിടത്തിന്റെ അടിസ്ഥാന വികസനത്തിനായും 10000 രൂപ ഇലക്ഷൻ ഫണ്ടിനത്തിലും ലഭിച്ച തുകയാണ്. ഇലക്ഷൻ ഫണ്ടിനത്തിൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയ ₹10000 രൂപ 2020-21 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ടെങ്കിലും ബാധ്യതയിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

### 1-1-2 നിലവിലില്ലാത്ത അക്കൗണ്ടിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തി

വാർഷിക ധനകാര്യ പത്രികയിലെ ബി -17, ആർ പി 40-ബി ഷെഡ്യൂളുകൾ പ്രകാരം Nationalized Bank Account Of Own

Revenue Fund എന്ന ശീർഷകത്തിൽ – 395 രൂപ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു അക്കൗണ്ട് നിലവിലില്ല. ILGMS Software ൽ Default ആയി രേഖപ്പെടുത്തിയിട്ടുള്ള അക്കൗണ്ടാണിത്.

### 1-1-3 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റിലെ ബി-11(b) ഷെഡ്യൂളിൽ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ മുൻവർഷങ്ങളിലെ (2021-22, 2022-23) അതേ നീക്കിയിരിപ്പ് തുകയാണ്(654373 രൂപ) തൻവർഷവും രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4630544 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹10032226 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-6 മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-7 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തു നികുതി സാമ്പത്തിക വർഷാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സർക്കാരിന്റെ 26.07.2011-ലെ ജി.ഒ(എം.എസ്) 152/2011/തസ്വഭവ യിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-2 ബജറ്റ്

തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 8.03.2023 തീയതിയിലെ 70/2023 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 06.02.2024 ലെ 24/2024 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4235836 | 954348 |
| വരവ് | 148394729 | 197927070 |
| ആകെ | 152630565 | 198881418 |
| ചെലവ് | 150474500 | 194455909 |
| നീക്കിയിരിപ്പ് | 2156065 | 4425509 |

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6403099 |
| വരവ് | 31343312 |
| ആകെ | 37746411 |
| ചെലവ് | 26712768 |
| നീക്കിയിരിപ്പ് | 11033643 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 1,99,950 |

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി ഗ്രാന്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ പ്രധാന വരവിനങ്ങൾ ഉൾപ്പെടുന്നില്ല. അതുകൊണ്ട തന്നെ മേൽ കണക്കുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | 0 | 14361000 | 14361000 | 11027162 | 3333838 |
| വികസനഫണ്ട് – എസ്.സി.പി | 0 | 722000 | 722000 | 722000 | 0 |
| വികസനഫണ്ട് – ടി എസ് പി | 0 | 1488000 | 1488000 | 1488000 | 0 |
| മെയിന്റനൻസ് – റോഡ് | 0 | 9898650 | 9898650 | 1387515 | 8511135 |
| മെയിന്റനൻസ് – നോൺറോഡ് | 0 | 3894600 | 3894600 | 3412998 | 481602 |
| ധനകാര്യ കമ്മീഷൻ അവാർഡ് -അൺടൈഡ് ബേസിക് | 62985 | 2397151 | 2460136 | 1423698 | 1036438 |
| ധനകാര്യ കമ്മീഷൻ അവാർഡ് -ടൈഡ് | 14414 | 1783500 | 1797914 | 1708188 | 89726 |
| എംജിഎൻ – ആർഇജിഎസ് | 142236 | 48172218 | 48314454 | 48314454 | 0 |
| ഐഎസിഡിഎസ് | 1646171 | 1411238 | 3057409 | 1285287 | 1772122 |
| ടോട്ടൽ സാനിറ്റേഷൻ | 56724 | 0 | 56724 | 0 | 56724 |
| ശുചിത്വ മിഷൻ | 588410 | 0 | 588410 | 0 | 588410 |
| ആർദ്ര കേരളം | 300000 | 0 | 300000 | 266869 | 33131 |
| കടിവെള്ളം | 10000 | 0 | 10000 | 0 | 10000 |
| ലൈഫ് മിഷൻ ഗ്രാന്റ് | 12000 | 6658775 | 6670775 | 5650000 | 1020775 |
| വിമുക്തി | 33460 | 0 | 33460 | 0 | 33460 |
| മൃഗ സംരംക്ഷണം | 965 | 0 | 965 | 0 | 965 |
| സാക്ഷരത | 3172 | 10198 | 13370 | 10106 | 3264 |

| | | | | | |
|---|---|---|---|---|---|
| ആയുർവേദാശുപത്രി നവീകരണം | 263769 | 0 | 263769 | 111982 | 151787 |
| സ്വച്ഛ് ഭാരത് | 0 | 192000 | 192000 | 192000 | 0 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 1250000 | 0 | 1250000 | 0 | 1250000 |
| നിർമ്മൽ പുരസ്കാർ | 120658 | 0 | 120658 | 0 | 120658 |
| ഹെൽത്ത് ഗ്രാന്റ് | 120927 | 702438 | 823365 | 211478 | 611887 |
| ഹെൽത്ത് ഗ്രാന്റ് | 55000 | 308900 | 363900 | 54946 | 308954 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 164 | 90262793 | 108 | 33646806 | 12 | 56 | 96 | 58.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 1372000 | 664373 | 48.4 |
| വെറ്റിനറി സർജ്ജൻ | 8 | 8 | 1941376 | 1378793 | 71 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 13 | 12 | 3817569 | 2383693 | 62.4 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 7,40,000 | 7,39,979 | 99.99 |
| വി.ഇ.ഒ (പള്ള്യം സർക്കിൾ) | 6 | 5 | 29144008 | 12413924 | 42.6 |
| വി.ഇ.ഒ (തില്ലങ്കേരി സർക്കിൾ) | 6 | 5 | 1635000 | 913938 | 55.9 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 12 | 5299591 | 4134243 | 78 |
| സെക്രട്ടറി | 38 | 31 | 7667062 | 5391186 | 70.3 |
| ഹെഡ് മാസ്റ്റർ | 10 | 8 | 630222 | 550054 | 87.28 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 54 | 14 | 35829040 | 3663917 | 10.2 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 | 799814 | 634260 | 79.3 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 6 | 1387111 | 778446 | 56.1 |
| ആകെ | 164 | 108 | 90262793 | 33646806 | 37.27 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 142236 | 1353873 | 1496109 | 1496109 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | 0 | 46818345 | 46818345 | 46818345 | 0 |
| ആകെ | 142236 | 48172218 | 48314454 | 48314454 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളിപെൻഷൻ | 7057000 | 537 |
| വിധവാ പെൻഷൻ | 8392800 | 673 |
| വാർദ്ധക്യകാല പെൻഷൻ | 12007800 | 1050 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3128400 | 244 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 824000 | 67 |
| വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-10-2024 ന് 11.30 Am സമയത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1785 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തി അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും 2023-24 വർഷം ഗ്രാമസഭകൾ 3 തവണ യോഗം ചേർന്നിട്ടുണ്ട്. 2022-23 പദ്ധതി അവലോകനം, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി രൂപീകരണം, 2023-24 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് വാർഷിക കർമ്മപദ്ധതി അംഗീകരിക്കൽ, ഗുണഭോക്തൃലിസ്റ്റ് പുതുക്കൽ, മാലിന്യമുക്തകേരളം, സാമൂഹ്യസുരക്ഷാപെൻഷൻ അംഗീകരിക്കൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

ആകെയുള്ള 13 വർക്കിംഗ് ഗ്രൂപ്പുകളും രണ്ട് മുതൽ നാലു തവണ വരെ യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ ചിലതിൽ യോഗതീരുമാനങ്ങൾ ചേർത്തിട്ടില്ല. (പരിസ്ഥിതി സംരക്ഷണവും ദുരന്തനിവാരണവും വർക്കിംഗ് ഗ്രൂപ്പിന്റെ മിനട്സിൽ 29-11-2023, ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സിൽ 29-11-2023, സാമൂഹ്യക്ഷേമം വർക്കിംഗ് ഗ്രൂപ്പിന്റെ

മിനിട്സിൽ 13-12-2023, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സിൽ 2-12-2023, 13-12-2023, 22-12-2023, 4-01-2024 എന്നീ തീയതികളിൽ യോഗം ചേർന്നതായി രേഖപ്പെടുത്തി പങ്കെടുത്തവർ ഒപ്പ് വച്ച് ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല). പ്രോജക്ട് മോണിറ്ററിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിലൊന്നും മോണിറ്ററിങ്ങ് നടത്തിയതായുള്ള പരാമർശമില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മിനുട്സ് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-12 കെട്ടിട വാടക സംബന്ധിച്ച അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ വാടക രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതാ വ്യവസായ എസ്റ്റേറ്റ് കോംപ്ലക്സിലെ 4 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടകക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകക്കാരൻ | കെട്ടിട നമ്പർ | സംരംഭം |
|---|---|---|---|
| 1 | സനില പി | 9/194 | അജശ്രീ കമ്പോസ്റ്റ് യൂണിറ്റ് |
| 2 | ഹരിത ടി എസ് | 9/195 | ഫർണിച്ചർ അസംബ്ലിംഗ് യൂണിറ്റ് |
| 3 | സെക്രട്ടറി, ഖാദി സർവ്വോദയ സംഘം | 9/196 | നെയ്ത്ത് |
| 4 | ഗാന സി | 9/196 A | പാക്കിംഗ് യൂണിറ്റ് |

വാടക സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ സൂചിപ്പിച്ച വാടകക്കാരിൽ ശ്രീമതി സനില പി. 19-01-2021, ശ്രീമതി ഹരിത ടി എസ് 01-04-2022, ഖാദി സർവ്വോദയ സംഘം സെക്രട്ടറി 03-03-2020 എന്നീ തീയതി മുതൽ ഒരു വർഷത്തേക്കാണ് കരാർ പുതുക്കിയിട്ടുള്ളത്. ആയതിന് ശേഷം കരാർ പുതുക്കിയിട്ടില്ല.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 256 പ്രകാരം ഈ നിയമത്തിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അവരുടെ കാര്യങ്ങൾ നിറവേറ്റാൻ സർക്കാർ അംഗീകാരത്തോടു കൂടി ബൈലോകൾ ഉണ്ടാക്കേണ്ടതാണ്. കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്. കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് നിലവിൽ ഇതുവരെ ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കിയിട്ടില്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ 11/ 14-10-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വാടക കരാർ പുതുക്കുന്നതിനും ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാടക കരാർ യഥാസമയം പുതുക്കേണ്ടതും വാടക ബൈലോ തയ്യാറാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

22.03.2023 ലെ സ ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം പ്രകാരം ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വെയർ എന്നിവരിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ജീവനക്കാരെ നിയോഗിച്ച് വിവര ശേഖരണവും ഡാറ്റാ എൻട്രിയും നടത്തിയിട്ടുണ്ടോയെന്ന വിവരവും കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും ലഭ്യമാക്കുന്നതിനായി 4/09.10.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, ഫീൽഡ് പരിശോധന നടത്തുന്നതിലേക്കും ഡാറ്റാ എൻട്രി നടത്തുന്നതിലേക്കുമായി ഓവർസിയർമാരെ അഭിമുഖം നടത്തി ഏഴു പേരെ തിരഞ്ഞെടുത്ത് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും ഇവരാരും നാളിതുവരെ ഓഫീസിൽ ഹാജരായിട്ടില്ലെന്നും കൂടാതെ ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള ആപ്ലിക്കേഷൻ ഇതുവരെ ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറക്ക് വസ്തുനികുതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ വാർഡുകളിലും വസ്തു നികുതി

പരിഷ്കരണം സംബന്ധിച്ച നടപടികൾ പൂർത്തീകരിക്കേണ്ടതും ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

**1-14 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ / പേര് | 150/24 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹562500 വികസന ഫണ്ട് -പൊതുവിഭാഗം<br>₹562500 മറ്റുള്ളവ<br>ആകെ : ₹1125000 |
| ചെലവ് | ₹562500 ബിൽ നമ്പർ : 7/7-6-2023 |

ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകരുടെ 4 മുതൽ 32 മാസം വരെയോ അല്ലെങ്കിൽ ആദ്യ പ്രസവം വരെയോ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മേൽ പ്രോജക്ട് പ്രകാരം ₹562500 കണ്ണൂർ ജില്ലാ എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ സ.ഉ (സാധാ)3096/22/തസ്വഭവ/03.12.2022 പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതത്തിനൊപ്പം സംസ്ഥാന സർക്കാർ വിഹിതത്തിന് ആനുപാതികമായ തുകയും ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നാണ് പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത്. ഇപ്രകാരം 45 ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതമായി ഒരു ഗുണഭോക്താവിന് ₹12500 എന്ന നിരക്കിലാണ് ₹562500 എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുള്ളത്. പദ്ധതിയുടെ വിനിയോഗ പുരോഗതി വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/14-10-2024) ആയത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ്.എൽ.ബി.പി യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**1-15 എ ബി സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 164/24 എ.ബി.സി പദ്ധതി വിഹിതം നൽകൽ |
| അടങ്കൽ | ₹100000 വികസന ഫണ്ട് |
| ചെലവ് | ₹100000 ബിൽ നം : 174/13-02-24 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ ജി ഒ (ആർ.ടി) 2065/2022 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ ബി സി പ്രോഗ്രാം നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണസ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹100000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 15/15-10-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ജില്ലാപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-16 ഐ കെ എം ന് പ്രവർത്തന ഫണ്ട് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 21/24 ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹50000 വികസനഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹50000 ബിൽ നമ്പർ : 77/01-11-2023 |

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ്‌വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹50000 ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 14/15-10-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം ₹50000 കൈപ്പറ്റിയതിന്റെ രേഖയാണ് ലഭ്യമാക്കിയിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 അസിസ്റ്റന്റ് എഞ്ചിനീയരുടെ ഓഫീസിലേക്ക് വാഹന സൗകര്യം- അപാകതകൾ-₹49950 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ/ പേര് | 145/24 അസിസ്റ്റന്റ് എഞ്ചിനീയരുടെ ഓഫീസിലേക്ക് വാഹന സൗകര്യം |
| അടങ്കൽ | ₹100000 വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ്<br>ആകെ | ₹16650 ബിൽ നമ്പർ : 163/6.2.24<br>₹33300 ബിൽ നമ്പർ : 179/2.3.24<br>₹49950 |

**പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു**

1) അസിസ്റ്റന്റ് എഞ്ചിനീയരുടെ ഓഫീസിലേക്ക് വാഹനം ലഭ്യമാക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിരിക്കുന്നത് ശ്രീമതി ധന്യ പി എന്നവരാണ്. എന്നാൽ ഇവർ ക്വട്ടേഷനിൽ പങ്കെടുത്തിട്ടില്ല .

2) വാഹനത്തിന്റെ ആർ. സി. ആയി സമർപ്പിച്ചിരിക്കുന്നത് ശ്രീ. രതീഷ് എ. വി. എന്നയാളുടെ പേരിലുള്ള വാഹനത്തിന്റേതാണ്, വാഹനം ലഭ്യമാക്കാമെന്ന കരാറിൽ ഏർപ്പെട്ടയാളുടെ പേരിലുള്ള ആർ.സി ഹാജരാക്കിയിട്ടില്ല.

3) വാഹനത്തിന്റെ ഡ്രൈവറുടെ ഡ്രൈവിംഗ് ലൈസൻസ് ഫയലിൽ ലഭ്യമല്ല.

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/10.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹ 49950 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 വയോജന വിശ്രമ കേന്ദ്രം നിർമ്മാണം – അപാകതകൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ / പേര് | 135/24 വയോജന വിശ്രമ കേന്ദ്രം നിർമ്മാണം |
| അടങ്കൽ<br>ആകെ | ₹600000 വികസന ഫണ്ട് പൊതു വിഭാഗം<br>₹1200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹1800000 |
| ചെലവ് | ₹30541 വികസന ഫണ്ട് പൊതു വിഭാഗം<br>ബിൽ നം. 20/27.06.2023 |
| കരാറുകാരൻ | ശ്രീജയൻ പി. ഇ. |
| എഗ്രിമെന്റ് നമ്പർ | AE/LID &EW/TGP/15/22-23/30.1.23 |

**പ്രവൃത്തി പൂർത്തീകരണ വിവരങ്ങൾ**

എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി : 02.02.2024

സൈറ്റ് കൈമാറിയ തീയ്യതി : 02.02.2023

**പ്രവൃത്തി പൂർത്തീകരണ കാലാവധിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു**

1) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി ഒന്നര മാസം ഭരണസമിതി നീട്ടി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള കരാറുകാരന്റെ അപേക്ഷയോ, അസിസ്റ്റന്റ് എഞ്ചിനീയരുടെ പരിശോധന റിപ്പോർട്ടോ ഫയലിൽ ലഭ്യമല്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ മാത്രമേ കാലാവധി നീട്ടി നൽകാൻ വ്യവസ്ഥയുള്ളൂ.

